# എത്ര ബസിന് ഇൻഷുറൻസ് ഉണ്ട്..? ആ... ആർക്കറിയാം

തിരൂർ ● യാത്രക്കാരുമായി കുതിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോൾ മാത്രം ഉടൻ ഇൻഷുറൻസ് കവറേജ് തയാറാക്കി നൽകുന്ന സംഘങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നതായി സൂചന. ഉദ്യോഗസ്ഥരുമായി അടുത്തബന്ധം പുലർത്തുന്നവർ തന്നെയാണ് ഇതിനു പിന്നിലെന്നാണു സമീപകാല സംഭവങ്ങൾ തെളിയിക്കുന്നത്.

സ്വകാര്യ ബസ് ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് ഇൻഷുറൻസ് കവറേജ് ഇനത്തിൽഓരോ വർഷവും വൻതുക അടയ്ക്കേണ്ടതുണ്ട്. അതു ലാഭിക്കാൻ ഇൻഷുറൻസ് എടുക്കാതെ ഉദ്യോഗസ്ഥരുമായി ഒത്തുകളിക്കുകയാണ് ചെയ്യുന്നത്. മാത്രമല്ല, അപകടം സംഭവിക്കുമ്പോൾ ഇൻഷുറൻസ്, ടാക്സ് രേഖകൾ ശരിയാക്കി നൽകുകയും ചെയ്യുന്നതായി വിവരമുണ്ട്.

താനൂരിൽ എട്ടുപേരുടെ മരണത്തിനിടയാക്കിയ ബസിന്റെ ഇൻഷുറൻസ് രേഖകൾ ഇതുവരെ ഹാജരാക്കിയിട്ടില്ല. തേലക്കാട് വൻദുരന്തമുണ്ടാക്കിയ ബസിനും ഇൻഷുറൻസ് കവറേജില്ല എന്നാണ് സൂചന. ഓരോ ട്രിപ്പിലും അൻപതിലേറെ യാത്രക്കാരുമായി കുതിക്കുന്ന ബസുകളുടെ ഇൻഷുറൻസ് കവറേജ് സംബന്ധിച്ച് പരിശോധിക്കാൻ മോട്ടോർവാഹന വകുപ്പ് ഉദ്യോഗസ്ഥരും ശ്രമിക്കാറില്ല.

# വാഹനഇൻഷുറൻസ് മേഖലയിൽ വ്യാപകതട്ടിപ്പ്; നടപടി ആവശ്യപ്പെട്ട് മോട്ടോർ വാഹന വകുപ്പ്

**സ്വന്തം ലേഖകൻ**

മലപ്പുറം ● വാഹനങ്ങൾ ഇൻഷുർ ചെയ്യുന്നതിൽ ഉടമകളും നടത്തിപ്പുകാരും നടത്തുന്ന തട്ടിപ്പുകൾ തടയാൻ നിലവിലെ നടപടികൾ അപര്യാപ്തമെന്ന് ചൂണ്ടിക്കാട്ടി സർക്കാരിന് റിപ്പോർട്ട് നൽകാൻ മോട്ടോർ വാഹന വകുപ്പ് ഒരുങ്ങുന്നു. ഇൻഷുറൻസ് കമ്പനികൾ നൽകുന്ന കവർ നോട്ട് ഉപയോഗിച്ച് നടത്തുന്ന കൃത്രിമം അവസാനിപ്പിക്കുന്നതും രേഖകൾ കംപ്യൂട്ടർ ശൃംഖലയിൽ ലഭ്യമാക്കുന്നതും പിഴ ഉയർത്തുന്നതുമായിരിക്കും പ്രധാന നിർദേശങ്ങൾ. അപകടത്തിൽപ്പെടുന്ന പല വാഹനങ്ങൾക്കും ഇൻഷുറൻസ് ഇല്ലെന്ന കണ്ടെത്തലിനെ തുടർന്നാണ് നീക്കം.

ഇൻഷുറൻസ് പ്രീമിയം കൈമാറിയാൽ കമ്പനികൾ നൽകുന്ന താൽക്കാലിക രേഖയാണ് കവർ നോട്ട്. ഇൻഷുറൻസ് സർട്ടിഫിക്കറ്റിനു പകരം നൽകുന്ന കവർ നോട്ടിൽ, പ്രീമിയം വരവുവച്ചാൽ മാത്രമേ ഇൻഷുറൻസ് നിലവിൽവരൂ എന്ന് വ്യക്തമാക്കിയിട്ടുണ്ടാവും. ഇൻഷുറൻസ് ഉണ്ടെന്ന് തൽക്കാലത്തേക്ക് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നവർ ചെക്ക് നൽകി കവർ നോട്ട് വാങ്ങുമെങ്കിലും പിന്നീട് ചെക്ക് മടങ്ങും. നഷ്ടമില്ലാത്തതിനാൽ കമ്പനികൾ നിയമനടപടികൾക്കു മുതിരുകയുമില്ല. നോട്ടിന്റെ കാലാവധിക്കുള്ളിൽ ആവശ്യംപോലെ പണം നേരിട്ട് അടയ്ക്കുകയോ അക്കൗണ്ടിലിടുകയോ ചെയ്ത് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാനാവുമെന്ന് പറയുന്നു. ഒരു നോട്ടിന്റെ കാലാവധി തീരുമ്പോൾ മറ്റൊരു കമ്പനിയിൽനിന്ന് കവർ നോട്ട് വാങ്ങുക, തീയതി രേഖപ്പെടുത്താതെ കവർ നോട്ട് സ്വന്തമാക്കുക തുടങ്ങിയ തിരിമറികളും നടക്കുന്നുണ്ട്.

ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കാൻ വാഹന ഇൻഷുറൻസിന്റെ പ്രീമിയം പണമായോ ഡിഡി ആയോ വാങ്ങണമെന്ന നിർദേശമാണ് സമർപ്പിക്കുക. ഇതോടെ, 'താൽക്കാലിക' ഇൻഷുറൻസ് പരിരക്ഷ ഇല്ലാതാകും.

ഉടമ മാറിയാലും വാഹനത്തിന് സ്ഥിരമായി ഇൻഷുറൻസ് ഉറപ്പാക്കാനും കഴിയുമെന്നാണ് കരുതുന്നത്. ആർസി, പെർമിറ്റ്, ഫിറ്റ്നസ്, ലൈസൻസ് തുടങ്ങിയവയുടെ കാലാവധി മോട്ടോർ വാഹന വകുപ്പിന്റെ കംപ്യൂട്ടർ സംവിധാനത്തിൽ അറിയാമെങ്കിലും ഇൻഷുറൻസ് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. വാഹനപരിശോധയ്ക്കിടെയോ മറ്റ് അനുമതികൾക്കായി ആർടി ഓഫിസിലെത്തുമ്പോഴോ മാത്രമേ ഇൻഷുറൻസ് പരിരക്ഷയുടെ അവസ്ഥ അറിയാൻ കഴിയുന്നുള്ളൂ. അത് മറികടക്കാൻ ഇൻഷുറൻസ് സംബന്ധിച്ച വിവരങ്ങൾ കേന്ദ്രീകൃത സംവിധാനത്തിൽ ലഭ്യമാക്കണമെന്ന് ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടുന്നു.

ചെറുതും വലുതുമായ എല്ലാ പൊതു, സ്വകാര്യവാഹനങ്ങൾക്കും ഇൻഷുർ ചെയ്യാതെ സർവീസ് നടത്തിയാൽ 1000 രൂപ മാത്രമാണ് പിഴ. വീണ്ടും പിടിക്കപ്പെട്ടാലും 1000 രൂപ അടപ്പിക്കാനേ കഴിയൂ. വാഹനം പിടിച്ചെടുക്കുന്നതുൾപ്പെടെ കർശന നടപടികൾക്കും വ്യവസ്ഥയില്ല.